# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 314

06.01.2014-ലെ മറുപടിക്ക്

### വിചാരണ തടവുകാർക്ക് ചികിത്സ

**ചോദ്യം** **മറുപടി**

ശ്രീമതി.കെ.കെ.ലതിക

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ടി.പി.ചന്ദ്രശേഖരൻ കേസ്സിൽ പ്രതിയായ ശ്രീ.പി.മോഹനൻ മാസ്റ്ററെ കോഴിക്കോട് ജില്ലാ ജയിലിൽനിന്നും എത്ര തവണ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കായും മെഡിക്കൽ പരിശോധനയ്ക്കായും കൊണ്ടുപോയിട്ടുണ്ട്; | എ) 8 തവണ |
| ബി) അദ്ദേഹത്തെ എത്ര ദിവസം മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്ത് ഏതെല്ലാം രോഗങ്ങൾക്ക് ചികിത്സിച്ചിട്ടുണ്ട്; | ബി) 11 ദിവസം മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്ത് ഹെർണിയ സംബന്ധമായ രോഗങ്ങൾക്ക് ചികിത്സിച്ചിട്ടുണ്ട്. |
| സി) രോഗികളായ തടവുകാരെ ചികിത്സയ്ക്കായി കൊണ്ടുപോകുമ്പോൾ ബന്ധുക്കളെയോ കുടുംബാംഗങ്ങളെയോ കാണുവാൻ അനുവദിക്കരുതെന്ന് ജയിൽ ചട്ടങ്ങളിൽ നിബന്ധനകളുണ്ടോ; | സി) ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിയുന്ന പ്രതികളെ സൂപ്രണ്ടിന്റെ അനുവാദത്തോടുകൂടി മാത്രമെ ബന്ധുക്കൾക്കോ, കുടുംബാഗങ്ങൾക്കോ കാണുവാൻ ജയിൽ ചട്ടങ്ങൾ അനുവദിക്കുന്നുള്ളൂ. |
| ഡി) എങ്കിൽ പ്രസ്തുത ചട്ടങ്ങൾക്ക് വിരുദ്ധമായി ശ്രീ.പി.മോഹനൻ മാസ്റ്ററെ ഏതെങ്കിലും കുടുംബാഗം കണ്ടതായി രേഖാമൂലം പരാതി ലഭിച്ചിട്ടുണ്ടോ; | ഡി) ഇല്ല. |

| | |
|---|---|
| ഇ) അദ്ദേഹത്തെ ചികിത്സയ്ക്ക് കൊണ്ടുപോയതുമായി ബന്ധപ്പെട്ട സംഭവത്തിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അവർ ചട്ടവിരുദ്ധമായി എന്താണ് ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ? | ഇ) കോഴിക്കോട് സിറ്റിയിൽ മൂന്ന് പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. ശ്രീ.പി.മോഹനൻ എന്ന റിമാന്റ് തടവുകാരനെ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയ്ക്ക് കൊണ്ടുപോകുന്നതിന് ജില്ലാ ജയിലിൽനിന്നും ഏറ്റു വാങ്ങുകയും ചികിത്സ കഴിഞ്ഞ് തിരിച്ച് ജയിലിലേക്ക് മടങ്ങുംവഴി ടി പ്രതിയടക്കം ഗേവഗിരിയിലുള്ള സന ഹോട്ടലിൽ കയറി ഭക്ഷണം കഴിക്കുകയും സ്ഥലത്ത് പ്രതിയുടെ ഭാര്യയും ബഹു.എം.എൽ.എ.യുമായ ശ്രീമതി.ലതികയെയും പാർട്ടി നേതാക്കളെയും കാണാൻ സാഹചര്യമുണ്ടാക്കി. പ്രതിയുടെ സുരക്ഷയ്ക്ക് കോട്ടം വരുന്ന വിധത്തിൽ സാഹചര്യം ഒരുക്കിക്കൊടുക്കുക വഴി പോലീസ് സേനയ്ക്ക് കളങ്കം ഏല്പിക്കുകയും ഗുരുതരമായ അച്ചടക്കലംഘനവും കൃത്യവിലോപവും കാണിച്ചു എന്ന കുറ്റത്തിനാണ് വകുപ്പുതല നടപടി എന്ന നിലയിൽ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തത്. കൂടാതെ വിചാരണ തടവുകാരെ കാണുന്നതിനും സംസാരിക്കുന്നതിനും ജയിൽ സൂപ്രണ്ടിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതുമുണ്ട്. |

സെക്ഷൻ ഓഫീസർ